# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.473 9/02/2016-ൽ മറുപടിക്ക്**

## പെരുന്തേനരുവി ജലവൈദ്യുത പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. രാജു എബ്രഹാം. | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) റാന്നി-പെരുന്തേനരുവിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി എത്ര മെഗാവാട്ടാണ്; | (എ) | **6 മെഗാവാട്ട്.** |
| (ബി) എന്നാണ് ഇതിന്റെ നിർമ്മാണം ആരംഭിച്ചത്; പദ്ധതിക്കായി ആകെ എത്ര രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്; ആരാണ് നിർമ്മാണം നടത്തുന്നത്; കരാർ പ്രകാരം എന്നാണ് നിർമ്മാണം പൂർത്തീകരിക്കേണ്ടത്; ഇപ്പോൾ എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ആകെ നിർമ്മാണത്തിന്റെ എത്ര ശതമാനമാണ് ഇത്; ഇനിയും പൂർത്തീകരിക്കാനുള്ള പ്രവർത്തികൾ എന്തൊക്കെ; ഇവയുടെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (ബി) | 02.03.2012 ൽ നിർമ്മാണം ആരംഭിച്ചു. പദ്ധതിയ്ക്കായി ആകെ 6790 ലക്ഷം രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. സിവിൽ ജോലികൾ പൗലോസ് ജോർജ്ജ് കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡും ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ ഫ്ലോവൽ എനർജി പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമാണ് ചെയ്യുന്നത്. സിവിൽ ജോലികളുടെ കരാർ തുക 34.83 കോടി രൂപയും ഇലക്ട്രോ മെക്കാനിക്കൽ കരാർ തുക 13.34 കോടി രൂപയുമാണ്. കരാർ പ്രകാരം 03/2014 ൽ പണികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാൻ ഉണ്ടായ കാലതാമസം മൂലം 30.06.2016 വരെ കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. ഇപ്പോൾ അണക്കെട്ടിന്റെ 41.13%, ചാനൽ 67.7%, ഫോർബേ 69.31% പവർ ഹൗസ് 59.72%, ഇലക്ട്രോ മെക്കാനിക്കൽ വർക്ക് 87.71% എന്നിവയാണ് പൂർത്തീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ആകെ നിർമ്മാണത്തിന്റെ 61.2% പണികൾ പൂർത്തിയായിട്ടുണ്ട്. ബ്ലോക്ക് 1 മുതൽ 5 വരെയുള്ള അണക്കെട്ടിന്റെ പണികളും അണക്കെട്ടിന്റെ മുകളിലൂടെയുള്ള പാലത്തിന്റെ പണികളും തുടങ്ങിയിട്ടില്ല. ഗേറ്റുകളുടെ ഇറക്ഷൻ പണിയും സർവ്വീസ് ബേയുടെ മുകളിലുള്ള പവർ ഹൗസ് പണിയും ഇറക്ഷൻ പണികളും തുടങ്ങിയിട്ടില്ല.<br>സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനായി പവർ ഹൗസിന്റെ സർവ്വീസ് ബേ ലെവലിന് മുകളിലുള്ള നിർമ്മാണം പ്രീ-എഞ്ചിനിയേർഡ് ബിൽഡിംഗ് ആക്കി മാറ്റിയിട്ടുണ്ട്. കൂടാതെ, നിർമ്മാണം ധ്രുതഗതിയിൽ ആക്കുന്നതിനുള്ള നിർദേശങ്ങൾ കോൺട്രാക്ടർമാർക്ക് നൽകിയിട്ടുണ്ട്. |
| (സി) | ഡാം നിർമ്മാണം പൂർത്തിയാവുമ്പോൾ, ഡാമിനുമുകളിലൂടെ നാലു ചക്രവാഹന യാത്ര സാധ്യമാകുന്ന വിധത്തിലാണോ ഡാം നിർമ്മാണം നടത്തിയിട്ടുള്ളത്; | (സി) | അതെ. |
| (ഡി) | പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഡി) | നദിയുടെ വലതുകരയിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ, 07/2016 ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**